## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.426 29.05.2019-ൽ മറുപടിയ്ക്ക്

### നികുതി വരുമാനത്തിലെ മാന്ദ്യം

| ചോദ്യം<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>,, ആർ. രാമചന്ദ്രൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.എൽദോ എബ്രഹാം | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | പ്രളയത്തിനുശേഷം സംസ്ഥാനത്തെ നികുതിവരുമാനത്തിൽ മാന്ദ്യം ഉണ്ടായിട്ടുണ്ടോ;വ്യക്തമാക്കുമോ; | (എ) | പ്രളയം പൊതുവെ കേരളത്തിന്റെ സാമ്പത്തിക മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി നടപ്പിലായതിനെ ത്തുടർന്ന് സംസ്ഥാനത്തിന്റെ ശരാശരി പ്രതിമാസ ജി.എസ്.ടി വരുമാനം ഏകദേശം 650 കോടി രൂപയാണ്. എന്നാൽ പ്രളയത്തെത്തുടർന്ന് 2018 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ എസ്.ജി.എസ്.ടി നികുതി പിരിവ് 527.51 കോടി രൂപയും, 525.30 കോടി രൂപയുമാണ്. 2018 ഒക്ടോബറിലെ എസ്.ജി. എസ്.ടി നികുതിപിരിവ് 793.50 കോടി രൂപ ആണ്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ എസ്.ജി.എസ്.ടി നികുതിപിരിവ് ഭാഗികമായി ഒക്ടോബർ മാസത്തിലെ നികുതിപിരിവിൽ ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ വ്യാപാരികൾ ഫയൽ ചെയ്യുന്ന നികുതിറിട്ടേണിൽ എല്ലാ വിശദാംശങ്ങളും ലഭ്യമല്ല. ഒരു സംക്ഷിപ്ത വിവരണം മാത്രമേ നിലവിൽ ലഭ്യമാകുക യുള്ളൂ. കൂടാതെ, പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സാധനങ്ങളിന്മേലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വ്യാപാരികൾ സ്വമേധയാ തിരുത്തി പുതുക്കിയ റിട്ടേണും നിയമപ്രകാരം ഫയൽ ചെയ്യേണ്ടതുണ്ട്. ഇത് ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. മേൽ വിവരിച്ച സാഹചര്യത്തിൽ, പ്രളയത്തെത്തുടർന്നുണ്ടായ കൃത്യമായ നികുതിവരുമാന നഷ്ടം |

| | | | |
|---|---|---|---|
| | | | തിട്ടപ്പെടുത്താൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. എന്നാൽ, ജി.എസ്.ടി കോമ്പൻസേഷൻ നിയമപ്രകാരം 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി നഷ്ടപരിഹാരം നൽകുന്നതിനാൽ കേരളത്തിന്റെ നികുതി പിരിവിനെ ഇത് സാരമായി ബാധിച്ചിട്ടില്ല. |
| (ബി) | ജി.എസ്.ടി.യുടെ ബാലാരിഷ്ടതകൾ പരിഹരിക്കപ്പെട്ടിട്ടുണ്ടോ; ഇ-വേ ബിൽ സംവിധാനം കാര്യക്ഷമമായി നടപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ വിഭാവനം ചെയ്ത റിട്ടേണുകൾ (ജി.എസ്.ടി.ആർ-1, ജി.എസ്.ടി.ആർ - 2, ജി.എസ്.ടി.ആർ-3) ഇവ പൂർണ്ണമായും നാളിതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ 2017-18 ന്റെ വാർഷിക റിട്ടേൺ സമർപ്പണം സാങ്കേതിക കാരണങ്ങളാൽ 30.06.2019 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഇതുമൂലം ഇവയുടെ പരിശോധനകൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കുന്നതിന് വേണ്ടി അതിർത്തി പ്രദേശങ്ങളിലെ പ്രധാന റോഡുകളിൽ എ.എൻ.പി.ആർ. ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ഇതിന് മുന്നോടിയായി വാളയാറിൽ ക്യാമറ സ്ഥാപിച്ച് പരീക്ഷണാടിസ്ഥാനത്തിൽ ഇ-വേ ബിൽ വിവരങ്ങൾ വിശകലനം ചെയ്തു വരുന്നു. |
| (സി) | സംസ്ഥാനത്തിന്റെ വരവിനേക്കാൾ ചെലവ് കൂടിനില്ക്കുന്ന സാഹചര്യത്തിൽ പൊതുകടം ക്രമാതീതമായി കൂടുന്നു എന്ന റിപ്പോർട്ടുകൾ ആശങ്കാജനകമാണോ; വ്യക്തമാക്കുമോ? | (സി) | വരവും ചെലവും തമ്മിലുള്ള അന്തരം ഒരു വസ്തുതയാണ്. അത് ദീർഘകാലാടിസ്ഥാനത്തിൽ പരിഹരിക്കുന്നതിനുള്ള റോഡ് മാപ്പ് തയ്യാറാക്കിയാണ് പ്രവർത്തിക്കുന്നത്. നിയതമായ പരിധിക്ക് അകത്തു നിന്നുമാത്രമേ സംസ്ഥാന സർക്കാരിന് വായ്പ എടുക്കാൻ കഴിയൂ. ഈ പരിധിക്കുള്ളിൽ നിന്നു മാത്രമേ സർക്കാർ വായ്പ എടുക്കുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ